"ഭരണഭാഷ – മാതൃഭാഷ"

ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ്

ഇ-മെയിൽ: director.ims@kerala.gov.in വെബ്സൈറ്റ്: www.ims.kerala.gov.in ഫോൺ നം.: 0471-2323960

ഇൻഷുറൻസ് മെഡിക്കൽ സർവീസസ്
വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം
തീയതി: 16-08-2023

എ3 -3269 / 2023/DIMS

## സർക്കുലർ

വിഷയം:- ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് - ആഭ്യന്തര പരിശോധന റിപ്പോർട്ടിലെ തടസ്സവാദ ഖണ്ഡികകളുടെ ന്യൂനതകൾ പരിഹരിച്ച ന്യൂനത പരിഹാര റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച് :-

സൂചന:- സർക്കാരിൽ നിന്നുള്ള 01 / 08 / 2023 തീയതിയിലെ 2490959 / ഐ .എ.സി .എ 3 / 27 / 2023 / ധന അർദ്ധ ഒദ്യോഗിക കത്ത് നമ്പർ

ആഭ്യന്തര പരിശോധന റിപ്പോർട്ടിലെ തടസ്സവാദ ഖണ്ഡികകളുടെ ന്യൂനതകൾ പരിഹരിച്ച ന്യൂനത പരിഹാര റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കാലതാമസം നേരിടുന്നതായി കാണുന്നുവെന്നും, എല്ലാ തടസ്സവാദങ്ങളുടെയും, ന്യൂനതകൾ പരിഹരിക്കാതെയാണ് ന്യൂനത പരിഹാര റിപ്പോർട്ട് നൽകുന്നതെന്നും, ഒന്നിലധികം ന്യൂനത പരിഹാര റിപോർട്ടുകൾ സമർപ്പിക്കുന്നതിനാൽ ഫയലുകൾ തീർപ്പാക്കുവാൻ കാലതാമസം ഉണ്ടാകുന്നുവെന്നും ആയതിനാൽ ന്യൂനത പരിഹാര റിപ്പോർട്ട് സമർപ്പിക്കുമ്പോൾ ആഭ്യന്തര പരിശോധന റിപ്പോർട്ടിലെ എല്ലാ തടസ്സവാദ ഖണ്ഡികകളുടെയും ന്യൂനതകൾ പരിഹരിച്ച ( കോടതി പരാമർശം നിലനിൽക്കുന്ന ഖണ്ഡികകൾ ഒഴികെ ) കൊണ്ട് സമർപ്പിക്കേണ്ടതാണ് എന്ന് സൂചന പ്രകാരം സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ആഭ്യന്തര പരിശോധന റിപ്പോർട്ടിന്മേലുള്ള ന്യൂനത പരിഹാര റിപ്പോർട്ട് സമയബന്ധിതമായി റിപ്പോർട്ടിലെ എല്ലാ തടസ്സവാദ ഖണ്ഡികകളുടെയും ന്യൂനതകൾ പരിഹരിച്ച ( കോടതി പരാമർശം നിലനിൽക്കുന്ന ഖണ്ഡികകൾ ഒഴികെ ) സമർപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്താതെ സ്ഥാപനമേധാവികൾ ശ്രദ്ധ പുലർത്തേണ്ടതാണ് .

ഇതോടൊപ്പം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ സ്ഥാപനങ്ങളിൽ ഇൻസ്പെക്ഷൻ നടത്തുമ്പോൾ ക്യാഷ് ബുക്ക് ഉൾപ്പടെ എല്ലാ രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ടോയെന്നു പരിശോധിക്കേണ്ടതാണ്.

Signed by
Malini S
Date: 16-08-2023 11:54:58

/451135/2023

ഇൻഷ്വറൻസ് മെഡിക്കൽ സർവീസ് ഡയറക്ടർ

സ്വീകർത്താവ് :-

1 ) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ദക്ഷിണ/ മദ്ധ്യ / ഉത്തര മേഖല( താങ്കളുടെ അധികാര

പരിധിയിലുള്ള ഡിസ്പെൻസറികളെ വിവരം അറിയിക്കേണ്ടതാണ് )

2 ) എല്ലാ ഇ എസ് ഐ ആശുപത്രി സൂപ്രണ്ടുമാർ

3 ) എല്ലാ ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാർക്കും

4 ) ഐ .ടി ഡിവിഷൻ ( വെബ്സൈറ്റിൽ ഇടുന്നതിന് )